**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **25.10.2016 - ൽ മറുപടിക്ക്.**
**ചോദ്യം നമ്പർ : 4426**

# ബിസിനസ് ഇന്നൊവേഷൻ സെന്ററുകൾ

ചോദ്യം
ശ്രീ. മഞ്ഞളാംകുഴി അലി

മറുപടി
**ശ്രീ. പിണറായി വിജയൻ**
**(മുഖ്യമന്ത്രി).**

| ചോദ്യം | | മറുപടി |
|---|---|---|
| (എ) | സംസ്ഥാനത്ത് ബിസിനസ് ഇന്നൊവേഷൻ സെന്ററുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാമാണ് ഇതിന്റെ ലക്ഷ്യങ്ങൾ ; | (എ) : സംസ്ഥാനത്ത് ബിസിനസ് ഇൻക്യൂബേഷൻ സെന്ററുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വ്യവസായ വികസനം ത്വരിതപ്പെടുത്തുക, പുതിയ വ്യവസായ സംരംഭവുമായി മുന്നോട്ട് വരുന്ന സംരംഭകരെ പ്രോത്സാഹിപ്പിക്കുക, യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ പ്രോത്സാഹിപ്പിക്കുകയും അവരുടെ സംരംഭങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക എന്നിവയാണ് ബിസിനസ് ഇൻക്യൂബേഷൻ സെന്ററുകളുടെ ലക്ഷ്യങ്ങൾ. |
| (ബി) | എവിടെയെല്ലാമാണ് ഇത്തരം സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് ; ഏത് രീതിയിലാണ് ഇവയുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ ഉദ്ദേശിക്കുന്നത് ; | (ബി) : ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, എറണാകുളം ജില്ലയിൽ കാക്കനാട് ഇൻഫോ പാർക്ക് കാമ്പസ്, അങ്കമാലി ഇൻകെൽ കാമ്പസ് എന്നിവിടങ്ങളിൽ ഇത്തരം സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വ്യവസായ ആശയവുമായി മുന്നോട്ട് വരുന്ന എല്ലാ സംരംഭകർക്കും ആവശ്യമായ എല്ലാ സഹായങ്ങളും നൽകി സംസ്ഥാനത്തെ വ്യവസായ വളർച്ചയ്ക്ക് ഉപകരിക്കുന്ന തരത്തിൽ അവരെ പ്രോത്സാഹിപ്പിക്കുന്ന രീതിയിലാണ് ഇവയുടെ പ്രവർത്തനം ഏകോപിക്കുന്നത്. യുവസംരംഭകർക്ക് സംരംഭകത്വ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഓഫീസ് സംവിധാനങ്ങൾ, ഇന്റർനെറ്റ് സൗകര്യങ്ങൾ മറ്റ് അടിസ്ഥാന ആവശ്യങ്ങൾ തുടങ്ങിയവയുടെ ഏകോപനം വഴി നിശ്ചിത കാലയളവിൽ പ്രാഥമികഘട്ടം പ്രാവർത്തികമാക്കി പ്രവർത്തനക്ഷമമാക്കുന്നതിനാണ് ഇത്തരം സെന്ററുകൾ വഴി ഉദ്ദേശിക്കുന്നത്. |

| | | |
|---|---|---|
| (സി) ഇത്തരം സെന്ററുകൾക്ക് ഏതെല്ലാം തരത്തിലുള്ള സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (സി) : | ഇത്തരം സെന്ററുകൾക്ക് ആധുനിക രീതിയിലുള്ള ഓഫീസ് സംവിധാനം, ഇന്റർനെറ്റ് സൗകര്യം മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.